## സന്ദേശനിലയം
### ചങ്ങനാശ്ശേരി

SANDESA NILAYAM CHANGANACHERRY

VISWASOLSAV INTENSIVE CATECHESIS IN SUMMER

# വിശ്വാസോത്സവം – 2026

## പ്രൈമറി വിഭാഗം

# അദ്ധ്യാപകസഹായി

VISWASOLSAV

INTENSIVE CATECHESIS IN SUMMER

## വിശ്വാസോത്സവഗാനം

ഈശോയ്ക്കൊപ്പം ചേരാം പാടാം
വിശ്വാസത്തിൽ വളരാം
അനുഭവമുണരും ഈ സുദിനങ്ങൾ
കൃപയുടെ ഉത്സവമാക്കാം (2)

ഓരോ കാതിലും ആദരവോടെ
സ്തുതി ഈശോയ്ക്കെന്നോതാം (2)
ദൈവം നമ്മൾക്കേകിയ നന്മകൾ
ആഘോഷിക്കാം വാഴ്ത്താം

വിശ്വാസോത്സവം ഇത് വിശ്വാസോത്സവം
വിശ്വാസത്തിൽ വളരാം, നാഥനു സ്തുതി പാടാം (2)

നാഥനോടൊപ്പം പോയി മരിക്കാം
ചൊല്ലി താതൻ മാർത്തോമ്മാ (2)
അവനോടൊപ്പം ചേർന്നു നമുക്കും
ചൊല്ലാം മാർവാലാഹ് (2)

മാർ വാലാഹ് – മാർവാലാഹ്
എന്നും നാവിൽ മാർവാലാഹ് (2)

(ഈശോയ്ക്കൊപ്പം.....)

# പൊതുനിർദ്ദേശങ്ങൾ

പ്രിയമുള്ളവരേ,

സീറോമലബാർസഭ സമുദായ വർഷം ആചരിക്കുന്ന പശ്ചാത്തലത്തിൽ ഈ വർഷത്തെ വിശ്വാസോത്സവം ഏറെ പ്രത്യേകതയുള്ളതാണ്. സഭാത്മകമായ കാഴ്ചപ്പാടിലൂന്നിയ സമുദായ അവബോധമാണ് നമുക്ക് കരണീയം. കാലങ്ങളും നൂറ്റാണ്ടുകളും മാർത്തോമാ നസ്രാണികൾ ചരിച്ച മാർഗ്ഗത്തെ ശോഷണം കൂടാതെ തലമുറകളിലേക്ക് സന്നിവേശിപ്പിക്കാൻ പ്രതിജ്ഞാബദ്ധരാണ് നമ്മൾ എന്ന പ്രഖ്യാപനം ഈ വർഷത്തെ വിശ്വാസോത്സവത്തിൽ ഉയർത്താൻ ആഗ്രഹിക്കുകയാണ്. നമ്മുടെ പൈതൃകവും പാരമ്പര്യവും അഭിമാനബോധത്തോടെ കൊണ്ടുനടക്കുന്ന വ്യക്തികളായി വിശ്വാസപരിശീലനം നേടുന്ന നമ്മുടെ കുട്ടികളെ രൂപപ്പെടുത്തുക എന്നത് കാലഘട്ടത്തിന്റെ ആവശ്യമാണ്.

1. വിശ്വാസോത്സവത്തിന്റെ ദിവസങ്ങളിൽ ദൈവാലയത്തിലും ക്ലാസ്സുകൾ നടക്കുന്ന ഇടങ്ങളിലും **വി. ഗ്രന്ഥം പ്രത്യേകമായി പ്രതിഷ്ഠിക്കുന്നത് നന്നായിരിക്കും.**
2. ചില പ്രവർത്തനങ്ങൾ വി. ഗ്രന്ഥം ഉപയോഗിച്ചുള്ളതായതിനാൽ ക്ലാസ്സുകളിൽ കുട്ടികളുടെ പക്കൽ വി. ഗ്രന്ഥം ഉണ്ടായിരിക്കണം.
3. വിശ്വാസോത്സവ ദിനങ്ങളിലെ ക്രമീകരണങ്ങളിൽ ഇടവകയിലെ മറ്റ് സംഘടനകളുടെ സാന്നിദ്ധ്യവും സഹകരണവും ഉൾപ്പെടുത്തുന്നത് ഇടവക മുഴുവന്റെയും ഒരു പരിശീലന അവസരമാക്കാൻ (Intergenerational Catechesis) ഉപകരിക്കും.
4. വർക്കുബുക്കുകളിൽ പറഞ്ഞിരിക്കുന്ന പ്രവർത്തനങ്ങൾ അധ്യാപക സഹായിയിൽ നിർദ്ദേശിച്ചിരിക്കുന്ന രീതിയിൽ പൂർത്തിയാക്കിയെങ്കിൽ മാത്രമേ വിശ്വാസോത്സവപരിശീലന പദ്ധതി ഫലപ്രദമാവുകയുള്ളു. വിശ്വാസോത്സവ വർക്കുബുക്കുകളിൽ നല്കിയിരിക്കുന്ന ആക്റ്റിവിറ്റികൾ എഴുതി പൂർത്തിയാക്കുക എന്നതു മാത്രമായി ഈ പരിശീലന പദ്ധതിയെ ചുരുക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുക.

**ഫാ. വർഗ്ഗീസ് പുത്തൻപുരയ്ക്കൽ**
*ഡയറക്ടർ, സന്ദേശനിലയം*

## ഒന്നാം ദിവസം

**ആക്ടിവിറ്റി 1**

ക്ലാസ്സ് മുറിയുടെ നടുക്ക് ക്രമീകരിച്ചിരിക്കുന്ന മരത്തിന്റെ ശിഖരത്തിൽ കുടുംബവൃക്ഷത്തിലെ അംഗങ്ങളുടെ പേരുകൾ ഓരോരുത്തരും അധ്യാപിക നല്കുന്ന ഇലയുടെ മാതൃകയിലുള്ള പേപ്പറിൽ എഴുതി കുടുംബവൃക്ഷം പൂർത്തീകരിക്കുന്നു.

## രണ്ടാം ദിവസം

**ആക്ടിവിറ്റി 1**

അധ്യാപിക ആദ്യഭാഗത്ത് കൊടുത്തിരിക്കുന്ന വിവരണം കുട്ടികളെ വായിച്ചു കേൾപ്പിക്കുന്നു. അതിനുശേഷം പള്ളിയുടെ പ്രാധാന്യത്തെ പറ്റി കുട്ടികളോട് ചോദിക്കുന്നു. കുട്ടികൾ പറയുന്ന ഉത്തരങ്ങൾ ക്രോഡീകരിച്ച് പള്ളിയുടെ പ്രാധാന്യത്തെക്കുറിച്ച് അധ്യാപിക വിവരിക്കുന്നു. അധ്യാപിക കുട്ടികളിൽ നിന്ന് രണ്ടുപേരെ വിളിച്ച് ഒരാളെ ജോസ്മോനായും മറ്റേ ആളെ അച്ചാച്ചനായും റോൾപ്ലേ സംഘടിപ്പിക്കുന്നു ശേഷം അന്നക്കുട്ടി വരച്ച ദൈവാലയം കളർ കൊടുക്കാനുള്ള ആക്ടിവിറ്റി അധ്യാപിക വായിച്ച് കളർ കൊടുക്കാൻ കുട്ടികൾക്ക് നിർദ്ദേശം കൊടുക്കുന്നു. (ഇളം നിറങ്ങൾ കൊടുക്കാൻ ശ്രദ്ധിക്കുക)

പള്ളിയിൽ പ്രവേശിച്ച ഉടനെയും പള്ളിയിൽനിന്ന് തിരിച്ചിറങ്ങുമ്പോളും കുട്ടികൾ എന്താണ് ചെയ്യുന്നതെന്ന് കുട്ടികളോട് ചോദിച്ച് അധ്യാപിക അറിയുന്നു. പത്താമത്തെ പേജിൽ നൽകിയിരിക്കുന്ന വിവരണം അധ്യാപിക വായിക്കുന്നു. ക്യു ആർ കോഡ് സ്കാൻ ചെയ്ത് കുരിശുവരയുടെ അർത്ഥം വിശദമാക്കുന്ന ആക്ഷൻ സോങ് പഠിപ്പിക്കുന്നു. ശേഷം ആദ്യത്തെ ദിവസത്തിൽ പഠിച്ച കുരിശുവര കുട്ടികളെക്കൊണ്ട് അതിൻറെ അർത്ഥം മനസ്സിലാക്കി വരപ്പിക്കുന്നു. നെറ്റിയിൽ കുരിശുവരച്ചശേഷം കുമ്പിട്ട് ആചരിക്കണം എന്ന് അധ്യാപിക കുട്ടികളോട് പറഞ്ഞു മനസ്സിലാക്കുന്നു.

കുട്ടികളെ ഗ്രൂപ്പ് അടിസ്ഥാനത്തിൽ കൂടെ പാടാം എന്ന തലക്കെട്ടിന്റെ അടിയിൽ നൽകിയിരിക്കുന്ന പാട്ട് പാടിപ്പിച്ച ശേഷം മാർക്ക് കൊടുക്കുന്നു.

**ആക്ടിവിറ്റി 2**

ദൈവം വസിക്കുന്ന ഇടമാണ് ദൈവാലയം എന്നും അതിന്റെ പ്രാധാന്യത്തെ പറ്റിയും അധ്യാപിക കുട്ടികളോട് വിശദീകരി

ക്കുന്നു. പള്ളിയിൽ കുട്ടികൾ എങ്ങനെയാണ് കുർബാനക്കിട യ്ക്ക് നിൽക്കുന്നതെന്ന് അധ്യാപിക ചോദിച്ചറിയുന്നു. കുർബാന യിൽ എങ്ങനെ ഭക്തിപൂർവ്വം പങ്കുകൊള്ളണമെന്ന് അധ്യാപിക പറഞ്ഞുകൊടുക്കുന്നു. അധ്യാപിക രണ്ടാം ആക്ടിവിറ്റി നൽകി യിരിക്കുന്ന വിവരണം വായിക്കുന്നു. ശേഷം ശരിയായ രീതിക്ക് നേരെ കുട്ടികളെ കൊണ്ട് തന്നെ ടിക്ക് ചെയ്യിപ്പിക്കുന്നു തെറ്റായ രീതിക്ക് നേരെ തെറ്റും രേഖപ്പെടുത്തുന്നു.

**ആക്ടിവിറ്റി 3**

**ദൈവാലയ ഘടന**

അധ്യാപിക ദൈവാലയ ഘടന കുട്ടികൾക്ക് പറഞ്ഞു കൊടു ക്കുന്നു. തന്നിരിക്കുന്ന ദൈവാലയത്തിന്റെ ചിത്രം നോക്കി അധ്യാപികയുടെ സഹായത്തോടെ കുട്ടികൾ ജോസുമോന്റെ കയ്യിലിരിക്കുന്ന ഫ്ലാഷ് കാർഡുകളിൽ യഥാസ്ഥാനത്ത് നമ്പർ ഇടുന്നു.

| | | |
|---|---|---|
| **കെസ്ത്രോമ** | – | **ഗായകവേദി – 3** |
| **മദ്ബഹാ** | – | **ബലിവേദി – 1** |
| **ഹൈക്കല** | – | **സമൂഹവേദി – 2** |

**ആക്ടിവിറ്റി 4**

**ദൈവാലയ വസ്തുക്കൾ**

അധ്യാപിക, ചിത്രങ്ങൾ ഓരോന്നായി കുട്ടികളെ പരിചയപ്പെ ടുത്തുന്നു. ശേഷം പദച്ചെപ്പിൽ നോക്കി പേരുകൾ കുട്ടികളെ കൊണ്ട് തന്നെ പറയിക്കാൻ ശ്രമിക്കുന്നു. ബുദ്ധിമുട്ടുള്ളവ അധ്യാ പികയുടെ സഹായത്തോടെ കുട്ടികൾ പഠിക്കുന്നു. ശേഷം ഓരോ ചിത്രത്തിന്റെയും അടിയിൽ അതാതിന്റെ പേര് ശരിയായി രേഖപ്പെ ടുത്തുന്നു. തിരുപ്പാത്രങ്ങളും തിരുവസ്ത്രങ്ങളും വേർതിരിച്ച് കണ്ടു പിടിക്കാൻ അധ്യാപിക കുട്ടികളെ പ്രോത്സാഹിപ്പിക്കണം. (ഉത്തരം ഇടത്തു നിന്ന് വലത്തോട്ട് ക്രമത്തിൽ താഴെ കൊടുത്തിരിക്കുന്നു. പേരുകൾ മാത്രം മതിയാവും വിശദാംശങ്ങൾ അധ്യാപകരുടെ അറിവിനു വേണ്ടി മാത്രം)

6. **സ്ലീവ (കുരിശ്)** – രക്ഷയുടെ അടയാളം
4. **അപ്പവും വീഞ്ഞും** – ഈശോയുടെ ശരീര രക്തങ്ങളുടെ പ്രതീകം
3. **കെടാവിളക്ക്** – ലോകത്തിന്റെ പ്രകാശമായ മിശിഹായുടെ

നിരന്തര സാന്നിദ്ധ്യയം സൂചിപ്പിക്കുന്നു.

11. **ശോശപ്പ** - ദിവ്യരഹസ്യങ്ങൾ ശോശപ്പ കൊണ്ട് മൂടുന്നത് ഈശോയുടെ കബറടക്കത്തെയും പിന്നീട് ശോശപ്പ ദിവ്യ രഹസ്യങ്ങൾക്കു ചുറ്റും വളച്ച് വയ്ക്കുന്നത് ഈശോയുടെ ഉത്ഥാനത്തെയും അർത്ഥമാക്കുന്നു.
8. **കൊത്തീന** - മിശിഹായുടെയും മിശിഹായിൽ നവീകരി ക്കപ്പെട്ട പുതിയ മനുഷന്റെയും പ്രതീകം
2. **സുവിശേഷ ഗ്രന്ഥം** - സ്വർഗ്ഗത്തിൽ പിതാവിൻറെ വലതു വശത്ത് എഴുന്നള്ളി ഇരിക്കുന്ന മിശിഹായെ സൂചിപ്പിക്കുന്നു
9. **കാപ്പ** - പുരോഹിതൻ മറ്റു തിരുവസ്ത്രങ്ങൾക്ക് മീതെ ധരി ക്കുന്ന തിരുവസ്ത്രം ആണ് ഇത്. പുരോഹിതൻറെ ഇട യധർമ്മത്തെ സൂചിപ്പിക്കുന്നു.
7. **സുനാറ (അരക്കെട്ട്)** - ശുദ്ധതയുടെയും ശുശ്രൂഷയുടെയും പ്രതീകം.
1. **പീലാസ** - തിരുശരീരം സംവഹിക്കുന്നു.
12. **ഊറാറ** - പൗരോഹിത്യ അധികാരത്തെയും പരിശുദ്ധിയെ യും സൂചിപ്പിക്കുന്നു.
5. **കാസ** - തിരുരക്തം സംവഹിക്കുന്നു.
10. **സന്ദേ (കയ്യുറ)** - വിശുദ്ധ ശുശ്രൂഷയ്ക്കായി കരങ്ങൾ തയ്യാ റായിരിക്കുന്നു എന്ന് അർത്ഥമാക്കുന്നു.

**ഏമാല**

കുട്ടികളെ 4 ഗ്രൂപ്പായി തിരിക്കുന്നു. നാല് ഗ്രൂപ്പിലും തിരുവ സ്ത്രങ്ങളും തിരുപ്പാത്രങ്ങളും അടങ്ങിയ പേപ്പർ സ്ലിപ്പ് നൽകു ന്നു. തിരുപാത്രങ്ങളെയും തിരുവസ്ത്രങ്ങളെയും വേർതിരിച്ച് ക്രമ പ്പെടുത്തുവാൻ അധ്യാപിക കുട്ടികളോട് ആവശ്യപ്പെടുന്നു. ആദ്യം ശരിയായി പൂർത്തീകരിക്കുന്ന ഗ്രൂപ്പിന് മാർക്ക് നൽകുന്നു തെ റ്റായി പൂർത്തീകരിച്ചാൽ മാർക്ക് കുറയ്ക്കുന്നു.

**ആക്ടിവിറ്റി 5**

നസ്രാണികളുടെ ഇടയിൽ നിലനിൽക്കുന്ന ചില ആചാരങ്ങൾ കുട്ടികളെ മനസ്സിലാക്കുന്നതിനുള്ള പ്രവർത്തനമാണിത്. അധ്യാ പിക ടെസ്റ്റ് ബുക്കിൽ നൽകിയിരിക്കുന്ന ലിസ്റ്റ് കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ശേഷം അവയിൽ അവർ പാലിക്കുനവയ്ക്ക് നേരെയുള്ള circle ന് പച്ചനിറം നൽകാനും അവർ പാലിക്കാ ത്തവയക്ക് നേരെയുള്ള circle ന് ചുവപ്പ് നിറം നൽകാനും നിർ ദ്ദേശിക്കുന്നു.

## (Individual activity)

അധ്യാപിക നിലത്ത് രണ്ട് വലിയ കളങ്ങൾ വരയ്ക്കുന്നു. അവയിൽ ഒന്നിൽ നിങ്ങൾ പാലിക്കുന്നവ എന്നും മറ്റേതിൽ നിങ്ങൾ പാലിക്കാത്ത എന്നും എഴുതുന്നു .അധ്യാപിക ലിസ്റ്റിലുള്ള ഓരോ ആചാരങ്ങളും വായിക്കുന്നു. ഓരോ ആചാരങ്ങൾ വായിക്കുമ്പോഴും കുട്ടികൾ അവ പാലിക്കുന്നുണ്ടെങ്കിൽ അവ പാലിക്കുന്ന കളത്തിൽ നിൽക്കുന്നു. പാലിക്കാത്തവ ആണെങ്കിൽ പാലിക്കാത്തവ എന്ന് എഴുതിയ കളത്തിൽ നിൽക്കുന്നു. ഓരോ ആചാരങ്ങളും എത്ര കുട്ടികൾ പാലിക്കുന്നുണ്ട് പാലിക്കാത്തതായി ഉണ്ട് എന്ന് മനസ്സിലാക്കാൻ ഉതകുന്ന ഒരു ഗെയിം ആണ് ഇത്.

## Group

ഒരു ഗ്രൂപ്പിലുള്ള എല്ലാ കുട്ടികളും നിറം നൽകിയ പച്ച സർക്കിളുകൾ എണ്ണി ഓരോ പച്ച സർക്കിളിനും 10 പോയിൻറ് വീതം നൽകുന്നു ഓരോ കുട്ടികളുടെയും ചുവന്ന സർക്കിളുകൾ എണ്ണി അഞ്ചു പോയിന്റ് വീതം കുറയ്ക്കുന്നു. ഓരോ ഗ്രൂപ്പിലും അതാത് ഗ്രൂപ്പിലെ മാർക്കുകൾ enter ചെയ്യുന്നു. ഈ ആചാരങ്ങളെല്ലാം നസ്രാണികളുടെ പരമ്പരാഗതമായ ആചാരങ്ങൾ ആണെന്നും അവയെല്ലാം പാലിക്കേണ്ടതാണെന്നും അധ്യാപിക കുട്ടികളെ ഓർമിപ്പിക്കുന്നു.

രണ്ടാം ദിവസത്തിൽ കുട്ടികൾ പഠിച്ച ദൈവാലയഘടനയും ദൈവാലയ വസ്തുക്കളും അവരുടെ ഇടവക ദൈവാലയം സന്ദർശിച്ചു അധ്യാപിക കുട്ടികൾക്ക് മനസ്സിലാക്കി കൊടുക്കുന്നു.

## മൂന്നാം ദിവസം

**ഗെയിം ആത്മീയ വൃക്ഷം**

ഈ ഗെയിമിലൂടെ ദാനങ്ങളും ഫലങ്ങളും തമ്മിലുള്ള വ്യത്യാസം കുട്ടികൾക്ക് വേഗത്തിൽ മനസ്സിലാകും.

**ആവശ്യമായ സാധനങ്ങൾ**

ചുമരിൽ ഒട്ടിച്ച വലിയൊരു മരത്തിന്റെ ചിത്രം (ഇതളുകളില്ലാത്ത മരം)

7 ദാനങ്ങൾ എഴുതിയ വേരുകളുടെ ആകൃതിയിലുള്ള കാർഡുകൾ

12 ഫലങ്ങൾ എഴുതിയ പഴങ്ങളുടെ ആകൃതിയിലുള്ള കാർഡുകൾ

4. **വിശദീകരണം** – തെറ്റായി ഒട്ടിച്ചാൽ പോയിന്റ് കുറയും. കളിക്ക് ശേഷം ദാനങ്ങളാണ് (വേരുകൾ) നമുക്ക് ശക്തി ന

ല്കുന്നതെന്നും, ആ ശക്തിയിലൂടെ നല്ല ഫലങ്ങൾ നമ്മുടെ ജീവിതത്തിലുണ്ടാകുതെന്നും ലളിതമായി കുട്ടികൾക്ക് പറഞ്ഞു കൊടുക്കാം.

**എങ്ങനെ കളിക്കാം ?**

1. രണ്ടു ടീമുകളായി തിരിക്കുക. കുട്ടികളെ ടീം ദാനങ്ങളെന്നും ടീം ഫലങ്ങളെന്നും രണ്ട് ഗ്രൂപ്പുകളായി തിരിക്കുക.
2. മിക്സ് ചെയ്ത് കാർഡുകൾ - ദാനങ്ങളും ഫലങ്ങളും എഴുതിയ കാർഡുകൾ ഒരു ബോക്സിൽ കലർത്തി വയ്ക്കുക.
3. മത്സരം - ഓരോ ടീമിൽ നിന്നും ഓരോ കുട്ടികൾ മാറി മാറി വന്ന് ബോക്സിൽ നിന്ന് ഒരു കാർഡ് എടുക്കണം. അത് ദാനമാണെങ്കിൽ മരത്തിന്റെ ചുവട്ടിൽ (വേരുകൾ പോലെ) ഒട്ടിക്കണം.

അത് ഫലമാണെങ്കിൽ മരത്തിന്റെ കൊമ്പുകളിൽ (പഴങ്ങൾ പോലെ) ഒട്ടിക്കണം.

**ആക്ടിവിറ്റി 6**

ദൈവത്തെ സന്തോഷിപ്പിക്കുന്ന കാര്യങ്ങൾ പേപ്പറിൽ എഴുതി മടക്കിയശേഷം ബലൂണിനകത്ത് ഇടുന്നു. ഓരോ ഗ്രൂപ്പിനും ഓരോ ബലൂൺ നല്കുന്നു. സിഗ്നൽ നല്കുമ്പോൾ ബലൂൺ പൊട്ടിച്ചശേഷം കിട്ടിയ കാര്യങ്ങൾ പൂവിന്റെ ഇതളിൽ ഒട്ടിക്കുന്നു. ഏറ്റവും ആദ്യം ഫിനിഷ് ചെയ്യുന്ന ഗ്രൂപ്പിന് പോയിന്റ് നല്കുന്നു.

## <u>നാലാം ദിവസം</u>

**എന്താണ് പിടിയരി സമ്പ്രദായം ?**

ചാവറയച്ചന്റെ പിടിയരി സംവിധാനത്തെക്കുറിച്ച് നമുക്ക് ചിന്തിക്കാം. ദൈനംദിന സമ്പാദ്യം: ഓരോ വീട്ടിലും അന്നത്തെ ഭക്ഷണത്തിനായി അരി അളന്നെടുക്കുമ്പോൾ, അതിൽ നിന്നും ഒരു കൈപ്പത്തി നിറയെ അരി (ഒരു പിടിയരി) പ്രത്യേകം ഒരു പാത്രത്തിൽ മാറ്റിവെക്കുക.

**ശേഖരണം :** ഇങ്ങനെ ഓരോ വീട്ടിലും ശേഖരിക്കുന്ന അരി ആഴ്ചയിലൊരിക്കലോ മാസത്തിലൊരിക്കലോ പള്ളിയിലോ നിശ്ചിത കേന്ദ്രങ്ങളിലോ എത്തിക്കുന്നു.

**വിതരണം :** ഇത്തരത്തിൽ സമാഹരിക്കുന്ന അരി നാട്ടിലെ ദരിദ്രർക്കും പാവപ്പെട്ടവർക്കും വിതരണം ചെയ്യുന്നു.

**ഇതിന്റെ ലക്ഷ്യങ്ങൾ**

**പട്ടിണി നിർമ്മാർജ്ജനം :** ആരും വിശന്നിരിക്കരുത് എന്നതായിരുന്നു ചാവറയച്ചന്റെ പ്രാഥമിക ലക്ഷ്യം.

**സാമൂഹിക ഉത്തരവാദിത്തി :** സഹജീവികളെ സഹായിക്കുക എന്നത് വലിയൊരു ബാധ്യതയല്ല, മറിച്ച് ജീവിതശൈലിയുടെ ഭാഗമാണെന്ന് അദ്ദേഹം പഠിപ്പിച്ചു.

**കൂട്ടായ്മ :** ഒരു ചെറിയ തുകയോ ഭക്ഷണമോ മാറ്റിവെക്കുന്നതിലൂടെ വലിയൊരു സമൂഹത്തെ പോറ്റാൻ കഴിയുമെന്ന് അദ്ദേഹം തെളിയിച്ചു.

## ഇതിന്റെ പ്രാധാന്യം

**ലളിതമായ മാതൃക :** പണക്കാരനെന്നോ പാവപ്പെട്ടവനെന്നോ വ്യത്യാസമില്ലാതെ എല്ലാവർക്കും പങ്കുചേരാവുന്ന ഒരു പദ്ധതിയാണിത്.

**അഭയകേന്ദ്രങ്ങൾ :** ഈ പിടിയരി വഴി ലഭിക്കുന്ന വരുമാനം ഉപയോഗിച്ചാണ് അദ്ദേഹം കൈനകരിയിലും മറ്റും 'ധർമ്മശാലകൾ' (പാവപ്പെട്ടവർക്കുള്ള അഭയകേന്ദ്രങ്ങൾ) സ്ഥാപിച്ചത്.

**വിദ്യാഭ്യാസപിന്തുണ :** പാവപ്പെട്ട കുട്ടികൾക്ക് സ്കൂളിൽ ഉച്ചഭക്ഷണം നൽകുന്നതിനും ഈ രീതി സഹായകമായി. കേരളത്തിലെ 'ഉച്ചക്കഞ്ഞി' പദ്ധതിയുടെ ആദ്യകാല രൂപമായി ഇതിനെ കാണാം.

## ആക്ടിവിറ്റി 3

കുട്ടികളെ രണ്ടു ഗ്രൂപ്പായി തിരിക്കുന്നു ഗ്രൂപ്പിൽ ഉള്ളവർക്ക് കുട്ടികൾക്ക് നമ്പർ നൽകുന്നു തുടർന്ന് നടുവിലായി ഒരു വൃത്തം വരച്ച് പുസ്തകത്തിൽ നൽകിയിരിക്കുന്ന കാര്യങ്ങളും / വിദ്യാഭ്യാസം ഇല്ലായെങ്കിൽ ഉണ്ടാകുന്ന കാര്യങ്ങളും പേപ്പറിൽ എഴുതി ചുരുട്ടി ബോളായി നടുവിലെ വൃത്തത്തിൽ ഇടുക രണ്ട് ഗ്രൂപ്പുകാരും വൃത്തത്തിന് അപ്പുറത്തും ഇപ്പുറത്തും മുഖത്തോട് മുഖം നോക്കി നിൽക്കുക തുടർന്ന് ടീച്ചർ കുട്ടികൾക്കു നൽകിയിരിക്കുന്ന ഒരു നമ്പർ വിളിക്കുക രണ്ട് ഗ്രൂപ്പിൽ നിന്നും ആ നമ്പർ ഉള്ള ആൾ ഓടി വന്നു അകത്തെ വൃത്തത്തിനുള്ളിൽ നിന്നും ഏതെങ്കിലും ഒരു പേപ്പർ കഷ്ണം എടുത്തു കൊണ്ട് തിരികെ പഴയ സ്ഥലത്ത് പോയി നിൽക്കുക തിരികെ പോയി ഇരിക്കുമ്പോൾ എതിർ ഗ്രൂപ്പിലെ അതേ നമ്പർ ഉള്ള ആൾ പേപ്പറുമായി പോകുന്ന ആളെ തൊട്ടാൽ എതിർ ടീമിന് പോയിൻറ് ലഭിക്കും ആ പേപ്പർ എതിർ ടീമിന് നൽകണം (ആ പേപ്പറിൽ വിദ്യാഭ്യാസം ലഭിക്കുന്ന നല്ല കാര്യമാണ് ഉള്ളത് എങ്കിൽ അഡീഷണൽ പോയിന്റ് ആ ഗ്രൂപ്പിന് നൽകണം) അതിൽ  മുഴുവൻ തീരുന്നതുവരെ കളി തുടരുക.

**ആക്ടിവിറ്റി 4**

ജോസഫ് പൗവത്തിൽ പിതാവിനെ കുറിച്ചും ജെയിംസ് കാളാശ്ശേരി പിതാവിനെ കുറിച്ച് പറഞ്ഞിരിക്കുന്ന കാര്യങ്ങൾ രണ്ടു നിറത്തിലുള്ള ചാർട്ട് പേപ്പറുകളിൽ എഴുതുക ഓരോ പോയിന്റും ഓരോ പീസിൽ വേണം എഴുതാൻ ഒരാളുടെ വിവരം ഒരു നിറത്തിലുള്ള ചാർട്ട് പേപ്പറിൽ തന്നെ എഴുതുക. തുടർന്ന് അത് മടക്കി ക്ലാസിലെ വിവിധ സ്ഥലങ്ങളിൽ ഒളിപ്പിച്ചു വെക്കുക കുട്ടികളെ രണ്ട് ഗ്രൂപ്പ് ആയി തിരിച്ചു ഓരോ ടീമിനും ഓരോ നിറം നൽകുക ഓരോ ഗ്രൂപ്പുകാർക്കും അത് തിരയുവാൻ അവസരം നൽകുക നിശ്ചിത സമയത്തിനുള്ളിൽ ആദ്യം തങ്ങൾക്ക് ലഭിച്ച നിറത്തിലെ വിവരങ്ങൾ ശേഖരിച്ച് വരുന്ന ഗ്രൂപ്പിന് പോയിന്റ് നൽകുക.

## <u>അഞ്ചാം ദിവസം</u>

**വിശുദ്ധ കുമ്പസാരം :** ഏതു സമയത്തും ആവശ്യപ്പെടാവുന്ന കൂദാശ

**ആക്ടിവിറ്റി 1**

കുമ്പസാരകൂട്ടിലേക്ക് എത്തുവാൻ ജോസ്മോനെയും അന്നക്കുട്ടിയെയും നിങ്ങൾ സഹായിക്കാമോ ? അതിനായി വഴി കണ്ടെത്തി കൊടുക്കുക.

Ans :

പാപബോധം
പശ്ചാത്താപം
ആഗ്രഹം
തിരിച്ചറിവ്

ഈ പറയുന്ന കാര്യങ്ങളിലൂടെ നടന്നു നീങ്ങുമ്പോൾ അവർ കുമ്പസാരക്കൂട് എന്ന ചിത്രത്തിലേക്ക് എത്തിച്ചേരുന്നു.

**ആക്ടിവിറ്റി 2**

കുട്ടികളെ, താഴെ കൊടുത്തിരിക്കുന്ന മൂലപാപങ്ങളും അവക്കെതിരായ പുണ്യങ്ങൾക്കും ഒരേ നിറം നൽകിയിരിക്കുന്നു. നിറങ്ങൾ ശ്രദ്ധിച്ചുനോക്കി ഓരോ പുണ്യത്തിനും ശരിയായ മൂല പാപത്തിന്റെ നമ്പർ കണ്ടത്തി എഴുതുക

1. നിഗളം - എളിമ
2. ദ്രവ്യാഗ്രഹം - ഔദാര്യം
3. മോഹം - അടക്കം

4. കോപം – ക്ഷമ
5. കൊതി – മിതഭോജനം
6. അസൂയ – ഉപവി
7. മടി – ഉത്സാഹം

**ആക്ടിവിറ്റി 3**

**'പ്രായശ്ചിത്തതിന്റെ പൂന്തോട്ടം'**

താഴെ കൊടുത്തിരിക്കുന്ന ചിത്രങ്ങൾ മനസ്സിലാക്കുക. ഓരോ ചിത്രങ്ങളും പാപത്തെയും അതിനുള്ള പരിഹാരത്തെയും സൂചിപ്പിക്കുന്നു അനുയോജ്യമായ തമ്മിൽ ചേരുംപടി ചേർക്കുക..

Image 1 - Image 3
Image 2 - Image 1
Image 3 - Image 2

**ആക്ടിവിറ്റി 4**

സർവ്വശക്തനായ ദൈവത്തോടും, നിത്യകന്യകയായ പരിശുദ്ധ മറിയേത്താടും പ്രധാന മാലാഖയായ വിശുദ്ധ മിഖായേലിനോടും, വിശുദ്ധ സ്നാപക യോഹന്നാനോടും, ശ്ലീഹൻമാരായ വിശുദ്ധ പത്രോസിനോടും, വിശുദ്ധ പൗലോസിനോടും, വിശുദ്ധ തോമയോടും, സകല വിശുദ്ധരോടും, പിതാവേ, അങ്ങയോടും ഞാൻ ഏറ്റുപറയുന്നു. വിചാരത്താലും, വാക്കാലും, പ്രവൃത്തിയാലും, ഞാൻ വളരെയേറെ പാപം ചെയ്തുപോയി: എന്റെ പിഴ, എന്റെ പിഴ, എന്റെ വലിയ പിഴ.ആകയാൽ നിത്യകന്യകയായ പരിശുദ്ധ മറിയേത്താടും പ്രധാന മാലാഖയായ വിശുദ്ധ മിഖായേലിനോടും, വിശുദ്ധ സ്നാപകയോഹന്നാനോടും, ശ്ലീഹൻമാരായ വിശുദ്ധ പത്രോസിനോടും, വിശുദ്ധ പൗലോസിനോടും, വിശുദ്ധ തോമയോടും, സകല വിശുദ്ധരോടും, പിതാവേ അങ്ങേയാടും നമ്മുടെ കർത്താവായ ദൈവത്തോട് എനിക്കുവേണ്ടി പ്രാർത്ഥിക്കണമേ എന്ന് ഞാൻ അപേക്ഷിക്കുന്നു. ആമ്മേൻ

**ആക്ടിവിറ്റി 5**

Ans :

3. അങ്ങയുടെ പ്രസാദവരസഹായത്താൽ
1. എന്റെ ദൈവമേ, ഏറ്റവും നല്ലവനും എല്ലാറ്റിനും ഉപരിയായി
2. അങ്ങയെ ഞാൻ സ്നേഹിക്കുന്നു. എന്റെ പാപങ്ങളാൽ എന്റെ ആത്മാവിനെ അശുദ്ധമാക്കിയതിനാലും...

**നമുക്ക് പാടാം**

സീനായ്മലയിൽ, മോശതൻ കൈയിൽ
നല്കി ദൈവം, പത്തുകല്പനകൾ
പത്തുകല്പനകൾ (2)
നിന്റെ ദൈവമായ കർത്താവു ഞാനാകുന്നു
ഞാനല്ലാതെ മറ്റൊരു ദൈവം ഉണ്ടാകരുതേ
കർത്താവിൻ തിരുനാമം വൃഥാ പ്രയോഗിക്കരുതേ
കർത്താവിൻ ദിവസം പരിശുദ്ധമായ്, ആചരിക്കണം
ധനക്ക് ധനക്ക് ധനധന്താനാ
ധനക്ക് ധനക്ക് ധനധന്താനാ
മാതാപിതാക്കളെ ബഹുമാനിക്കേണം
കൊല്ലരുത്, വ്യഭിചാരം ചെയ്യരുത്
മോഷ്ടിക്കരുത്, കള്ളസാക്ഷ്യം പറയരുത്
അന്യന്റെ ഭാര്യയെ അന്യന്റെ വസ്തുവേ
മോഹിക്കരുതേ.. മോഹിക്കരുതേ..
ധനക്ക് ധനക്ക് ധനധന്താനാ
ധനക്ക് ധനക്ക് ധനധന്താനാ

## ആറാം ദിവസം

**ആക്ടിവിറ്റി 1**

**കണ്ടുപിടിച്ച് വരയ്ക്കേണ്ട വാക്കുകൾ**

ദി പ്ര സു ദേ ന്തി വാ ഴ് വ് ജ്ഞ
മ വ്യ ഈ ഴ ല ദീ ഞ്ഞ് വ പാ
രി ച കാ തി ള്ളി കു രി ശ് ലി
ച്ച ക്ഷ തി രു ശേ ഷി പ്പ് ശ്ര യം
വ വി ഇ ന്നാ ണ്യ ന മ സു ആ
രു ക ട ൾ ബാ പ്ര ദ ക്ഷി ണം
ടെ ർ വ നോ ന്റ് സം ദ റു റാ
ഓ ബാ ക ട്ടി മേ ക്ക ജ ക്ഷി സ
ർ ന ദി സ് ളം ട്ട സ്നേ ഹ ണം
മ്മ ദി നം നം കൊ ടി യേ റ്റ് യം

ദിവ്യകാരുണ്യപ്രദക്ഷിണം
പ്രസുദേന്തി വാഴ്വ്
പാലിയം
മരിച്ചവരുടെ ഓർമ്മദിനം
ബാന്റ്മേളം
ഇടവകദിനം

വിശുദ്ധകുർബാന
കൊടിയേറ്റ്
പ്രദക്ഷിണം
ലദീഞ്ഞ്
തിരുശേഷിപ്പ്
തിരുനാൾ നോട്ടീസ്
റാസ

**ആക്ടിവിറ്റി 2**

നാലു ഗ്രൂപ്പുകളായി കുട്ടികളെ തിരിച്ചതിനുശേഷം Tableaux നിൽക്കാൻ പറയുന്നു. നാല് ഗ്രൂപ്പുകളും കിട്ടിയിരിക്കുന്ന വിഷയങ്ങൾക്ക് അനുയോജ്യമായ രീതിയിൽ അവതരിപ്പിക്കുന്നു.

**ക്രിസ്തുമസ്** - ലൂക്കാ 2 : 11-14
**ദനഹാ** - മത്തായി 3 : 16-17, ലൂക്കാ 3 : 21, 22
**ഉയിർപ്പ്** - മർക്കോസ് 16, യോഹന്നാൻ 20 : 1-10
**സ്വർഗ്ഗോരോഹണം** - മർക്കോസ് 16 : 19, ലൂക്കാ 24 : 51

**ആക്ടിവിറ്റി 3**

**തിരുനാൾ - ഉത്തരങ്ങൾ**

ഡിസംബർ 8 - അമലോത്ഭവ തിരുനാൾ
ആഗസ്റ്റ് 15 - സ്വർഗ്ഗാരോപണ തിരുനാൾ
സെപ്റ്റംബർ 8 - പരിശുദ്ധ മറിയത്തിന്റെ ജനനതിരുനാൾ
ഫെബ്രുവരി 11 - ലൂർദ്ദ മാതാവിന്റെ തിരുനാൾ
മാർച്ച് 25 - മംഗളവാർത്താ തിരുനാൾ
മെയ് 13 - ഫാത്തിമ മാതാവിന്റെ തിരുനാൾ
ജൂലൈ 16 - കർമ്മല മാതാവിന്റെ തിരുനാൾ

H. W.

ദനഹാക്കാലത്തിന്റെ അവസാനവെള്ളി -
സകല മരിച്ചവരുടെയും തിരുനാൾ

ദനഹാക്കാലത്തിന്റെ രണ്ടാം വെള്ളി -
പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ തിരുനാൾ

ഉയിർപ്പുകാലത്തിന്റെ രണ്ടാം ഞായർ -
പുതുഞായർ/ കരുണയുടെ തിരുനാൾ

ശ്ലീഹാക്കാലത്തിന്റെ ഒന്നാം വെള്ളി -
സ്വർണ്ണവെള്ളി

ശ്ലീഹാക്കാലത്തിന്റെ അവാസാന വെള്ളി -

കർത്താവിന്റെ 70 ശിഷ്യന്മാരുടെ തിരുനാൾ

കൊഴുക്കട്ട ശനി (വലിയ ശനിക്ക് മുമ്പുള്ള ശനി) - ലാസറിന്റെ ശനി

**ആക്ടിവിറ്റി 4**

**ഉത്തരം** - മെയ് 20 (അതിരൂപതാ ദിനം)

**ആക്ഷൻ സോംഗ്**

**ആക്ടിവിറ്റി 5**

ഒരു ബോക്സിൽ നിരവധി ബോളുകൾ സൂക്ഷിച്ചു വച്ച് ക്ലാസ്സ് റൂമിന്റെ ഒരു നടുക്ക് (ടേബിളിൽ) വയ്ക്കുക. ബോളിൽ ഹൃദയമാകുന്ന ദൈവാലയത്തിൽ സൂക്ഷിക്കേണ്ട നന്മകൾ and negative thoughts രണ്ടും സൂക്ഷിക്കുക.

നാല് ഗ്രൂപ്പിനും ഓരോ വട്ടം നിലത്ത് ടീച്ചർ വരയ്ക്കുക. ഓരോ ഗ്രൂപ്പിലേയ്ക്കും കുട്ടികളെ നിർത്തുക.

ഗ്രൂപ്പിൽ നിന്ന് ഓരോ കുട്ടിയെ വിളിച്ച് കിട്ടിയ ബോൾസ് സ്വന്തം ഗ്രൂപ്പിലേയ്ക്കോ ഗ്രൂപ്പംഗങ്ങളുടെ കൈയ്യിലോ എറിഞ്ഞ് കൊടുക്കണം. എറിയുന്ന കുട്ടിയുടെ അടുത്ത് നില്ക്കാൻ മറ്റ് കുട്ടികൾക്ക് പാടില്ല. മറ്റുള്ള ഗ്രൂപ്പിലുള്ളവർ തടഞ്ഞ് അത് എടുക്കുകയാണെങ്കിൽ അവർക്കത് നെഗറ്റീവ് ആയ കാര്യങ്ങൾ സ്വന്തം ഗ്രൂപ്പിൽ വീഴാതെ സൂക്ഷിക്കാം.

**ഹൃദയമാകുന്ന ദൈവാലയം**

| **പോസിറ്റീവ്** | **നെഗറ്റീവ്** |
|---|---|
| 1. വിനയം | അഹങ്കാരം |
| 2. അനുസരണ | മടി |
| 3. പ്രാർത്ഥന | അലസത |
| 4. വിശ്വാസം | |
| 5. ശരണം | |
| 6. സ്നേഹം | |
| 7. ആർദ്രത | |
| 8. സൗഹൃദം | |
| 9. ദൈവഭയം | |
| 10. സമാധാനം | |
| 11. കൃതജ്ഞത | |
| 12. ക്ഷമ | |

പോസിറ്റീവ് കിട്ടുന്നവർക്കു ഗെയിമിന്റെ അവസാനം വരെ സൂക്ഷിക്കുന്ന ഗ്രൂപ്പിനും സ്കോർ നല്കാം,

കുട്ടികളുടെ എണ്ണമനുസരിച്ചും ഗ്രൂപ്പുകളുടെ എണ്ണമനുസരിച്ചും അധ്യാപകർക്ക് ഉചിതമായ മാറ്റങ്ങൾ നടത്താവുന്നതാണ്.

## ഏഴാം ദിവസം

**ആക്ടിവിറ്റി 1**

ഭൂമിയിൽ ഉറപ്പിച്ചിരിക്കുന്ന ഒരു ഗോവണി അതിന്റെ അറ്റം ആകാശത്ത് മുട്ടിയിരിക്കുന്നു. ദൈവദൂതന്മാർ അതിലൂടെ കയറുകയും ഇറങ്ങുകയും ചെയ്തു കൊണ്ടിരിക്കുന്നു (ഉൽ. 28 :12).

**ആക്ടിവിറ്റി 2**

പഴത്താലെ വന്ന പാപം അപ്പത്താലേ മാറിപ്പോയി. നമ്മുടെ ആദിമാതാപിതാക്കളായ ആദവും ഹവ്വായും പറുദീസായിൽ വച്ച് ദൈവം കഴിക്കരുതെന്ന് പറഞ്ഞ പഴം കഴിച്ചു പാപം ചെയ്തു. അങ്ങനെ അവർ അനുസരണക്കേട് കാട്ടിയതുമൂലം ദൈവം അവരെ പറുദീസായിൽ നിന്ന് പുറത്താക്കി. പിതാവായ ദൈവത്തിന് നമ്മോടുള്ള സ്നേഹത്താൽ തന്റെ സ്വപുത്രനെ ലോകത്തിലേയ്ക്ക അയച്ചു. പെസഹാത്തിരുനാളിൽ അപ്പം മുറിച്ചതിലൂടെ (ഈശോ തന്റെ ശരീരരക്തങ്ങളാകുന്ന പരിശുദ്ധ കുർബാന സ്ഥാപിച്ചതിലൂടെ) നമ്മുടെ പറുദീസായുടെ വാതിൽ തുറന്നു തന്നു.

**ആക്ടിവിറ്റി 3**

കുട്ടികളെ 3 ഗ്രൂപ്പുകളായി തിരിക്കുക. അതിനുശേഷം അധ്യാപിക മൂന്നു കളങ്ങളിലായി സ്വർഗ്ഗം, നരകം, ശുദ്ധീകരണസ്ഥലം എന്ന് യഥാക്രമം എഴുതുക. ശേഷം അധ്യാപിക പാട്ട് ഇട്ട് കൊടുക്കുക. പാട്ട് ആരംഭിക്കുമ്പോൾ കുട്ടികൾ വരച്ചിരിക്കുന്ന കളങ്ങളിലൂടെ ഓടാൻ തുടങ്ങുന്നു. പാട്ട് അവസാനിക്കുമ്പോൾ അവർ ഏതു കളത്തിലാണോ ആ കളത്തിൽ നില്ക്കുക. നരകം എന്ന കളത്തിൽ വന്നു നില്ക്കുന്നവർ ഔട്ട് ആകും. ഗെയിം തുടരുക.

**ആക്ടിവിറ്റി 4**

**മാമ്മോദീസ**

പേപ്പർ ഇല്ലയുടെ ഷേപ്പിൽ വെട്ടിയെടുക്കുക. ഇതിൽ മാമ്മോദീസാ എന്ന് ഓരോ അക്ഷരം വെച്ച് ഓരോ ഇലയിൽ എഴുതുക. കുട്ടികളേ ഇതേ ഓഡറിൽ വയ്ക്കാൻ പറയുക.

**ആക്ടിവിറ്റി 5**

ഞാൻ നന്നായി പൊരുതി. എന്റെ ഓട്ടം പൂർത്തിയാക്കി. വിശ്വാസം കാത്തു. എനിക്കായ് നീതിയുടെ കിരീടം ഒരുക്കിയിരിക്കുന്നു (2 തിമോ. 4 : 7).

## എട്ടാം ദിവസം

പാഠഭാഗത്തെ ആസ്പദമാക്കി പ്രവർത്തനങ്ങൾ ക്രമീകരിക്കാവുന്നതാണ്.



# പ്രൈമറി വിഭാഗം

**സന്ദേശനിലയം**
**ചങ്ങനാശ്ശേരി**